LIBRARY ARCHIVES Kerala Legislative Assembly

സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഡിപ്പോകൾ നിർത്തലാക്കാനുള്ള തീരുമാനം

48 (2496) ശ്രീ. ടി. കെ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഡിപ്പോകൾ നിർത്തലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നിർത്തലാക്കാൻ തീരുമാനിച്ച ഡിപ്പോകൾ ഏതൊക്കെ ആണെന്നും അതിനുള്ള കാരണമെന്താണെന്നും വെളിപ്പെടുത്തുമോ ;

(സി) കൺസ്യൂമർ സ്റ്റേറ്റ് ആയ കേരളത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഡിപ്പോകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കോർപ്പറേഷൻ ഇതിനോടകം ആറ് ഡിപ്പോകൾ നിർത്തലാക്കിയിട്ടുണ്ട്. സാമ്പത്തികവും ഭരണപരവുമായ കാരണങ്ങളാലാണ് ഡിപ്പോകൾ നിർത്തലാക്കിയത്. ഇനിയും കൂടുതൽ ഡിപ്പോകൾ നിർത്തലാക്കാൻ തീരുമാനമൊന്നും എടുത്തിയിട്ടില്ല.

(സി) ഇവ ഇപ്പോൾത്തന്നെ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്.

അന്ത്യോദയ പദ്ധതി

49 (2497) ശ്രീ. ജോർജ്ജ് ജെ. മാത്യു :
ശ്രീ. പി. ടി. തോമസ് :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എം. എ. ചന്ദ്രശേഖരൻ താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അന്ത്യോദയ പദ്ധതിയുടെ പരിധിയിൽ കുടുംബങ്ങളെ കൊണ്ടുവരുന്നതിനുള്ള പൊതുമാനദണ്ഡങ്ങൾ എന്തെല്ലാം ;

(ബി) 50 ലക്ഷം കുടുംബങ്ങളെക്കൂടി ഇതിന്റെ പരിധിയിൽ കൊണ്ടു വരാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിൽത്തന്നെ ഏറ്റവും ദരിദ്രരായ കുടുംബങ്ങളെയാണ് അന്ത്യോദയ അന്നയോജന പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുള്ളത്. പദ്ധതിയുടെ കീഴിൽ കൂടുതൽ ഗുണഭോക്താക്കളെ കൊണ്ടുവരണമെന്നും അതിൽ താഴെപ്പറയുന്ന മുൻഗണനാ വിഭാഗങ്ങൾക്ക് പ്രയോജനം ലഭ്യമാക്കണമെന്നും ഇപ്പോൾ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.